**അയം തു സാക്ഷാദ് ഭഗവാംസ്ത്ര്യധീശ: കൂടസ്ഥ ആത്മാ കലയാവതീർണ്ണ:
യസ്മിന്നവിദ്യാരചിതം നിരർത്ഥകം പശ്യന്തി നാനാത്വമപി പ്രതീതം (4-16-19)**

രാജാവിന്റെ പ്രതിഷേധമൊന്നും വകവെക്കാതെ രാജഗായകർ ഇങ്ങിനെ പാടി:
ഞങ്ങൾ അങ്ങയുടെ മഹിമ എങ്ങിനെ വർണ്ണിക്കട്ടെ? ഭഗവൻ, അങ്ങ് സ്വന്തം മായാശക്തിയാൽ ഈ ലോകത്തേക്ക് ഇറങ്ങി വന്നിരിക്കുന്നു. അങ്ങയുടെ ഭൗതീകശരീരം, വേനനിൽനിന്നും ഉണ്ടായതാണെങ്കിലും അങ്ങ് ഭഗവാൻ വിഷ്ണു തന്നെ. തൽക്കാലത്തേക്ക് പൃഥുവെന്ന നാമം സ്വീകരിച്ചിരിക്കുകയാണ്. ഞങ്ങൾ അങ്ങയുടെ അപദാനങ്ങൾ വാഴ്ത്തിപ്പാടുന്നത് അങ്ങേക്കു വേണ്ടിയല്ല, ഞങ്ങൾക്കു വേണ്ടിത്തന്നെയാണ്. അവിടുത്തെ അപദാനങ്ങൾ പാടാൻ ഞങ്ങൾ അത്യുത്സുകരാണ്. അങ്ങ് ഒരു രാജാവിനുണ്ടായിരിക്കേണ്ട ഗുണഗണങ്ങൾക്ക് ഉദാഹരണമത്രെ. ഞങ്ങളുടെ പ്രഭുവായ പൃഥുരാജൻ ധർമ്മിഷ്ടന്മാരിൽ അഗ്രഗണ്യനും മറ്റുള്ളവരിൽ ധർമ്മനിഷ്ട വളർത്തുന്നവനുമത്രേ. അദ്ദേഹത്തിന്റെ സംരക്ഷണയിൽ ദേവതകൾ തങ്ങളുടെ കടമകൾ മാനവീകതയുടെ ഉന്നമനത്തിനായി ചെയ്യുന്നു. അദ്ദേഹം ജനങ്ങളിൽനിന്ന് ന്യായയുക്തവും ലഘുവുമായ കരം പിരിച്ച് അവരുടെ ആവശ്യാനുസരണം സമ്പത്ത് വിതരണം ചെയ്യുന്നു. തന്നോടു തെറ്റുചെയ്യുന്നവനേപ്പോലും സംരക്ഷിച്ച് എല്ലാവരോടും ക്ഷമയോടെ വർത്തിക്കുന്നു. ജനത്തോട് അദ്ദേഹത്തിന് അളവറ്റ പ്രേമമുള്ളതുപോലെ, ജനങ്ങൾക്ക് അവിടുത്തെ ദൃശ്യം ഹൃദയഹാരിയുമത്രെ. പൃഥുരാജന്റെ ആജ്ഞയിൽ മേഘം മഴപെയ്യുന്നു. രാജാവിന്റെ ഒരു പുഞ്ചിരിയിൽ ജനങ്ങളുടെ ആകാംക്ഷയെല്ലാം പോയിമറയുന്നു. അദ്ദേഹത്തിന്റെ മഹിമ ആർക്കും അളക്കാൻ കഴിയില്ലതന്നെ. അദ്ദേഹം തികച്ചും ശാന്തനും പരിപൂർണ്ണ സംതൃപ്തനുമാണ്.

അദ്ദേഹം സൂര്യനേപ്പോലെയാണ്. ഭൂമിയിലെ ജലം നീരാവിയാക്കി മഴ മേഘങ്ങളിൽ സൂക്ഷിച്ച് മഴയായി തിരിച്ചു നൽകുന്നതുപോലെ, കരംപിരിച്ച് അതുപിന്നീട് ധനമായി ജനത്തിന് തന്നെ തിരിച്ചു നൽകുന്നു. ഭൂമിയേപ്പോലെ ക്ഷമാശീലനും സംയമനശീലനുമാണദ്ദേഹം. ചന്ദ്രനേപ്പോലെ ജനഹൃദയങ്ങളെ അദ്ദേഹം സന്തുഷ്ടനാക്കുന്നു. സമുദ്രത്തെപ്പോലെ അളവറ്റതും, എല്ലാമടങ്ങിയതും, മാസ്മരീകതയാർന്നതുമത്രെ അവിടുത്തെ പ്രഭാവം. പരമാത്മാവിന്റെ കിരണമായ അവിടുന്ന് എല്ലാവർക്കും അഭിമതനും സമീപസ്ഥനുമത്രേ. എങ്കിലും ആർക്കും സ്വാധീനിക്കാനാവാത്തവിധം ദൂരസ്ഥനുമാണ്. ഏവരുടേയും ആത്മനിവാസി എന്ന നിലയിൽ അദ്ദേഹത്തിന് എല്ലാവരുടേയും അകവും പുറവും നന്നായറിയാം. അദ്ദേഹത്തിന്റെ നീതി ന്യായവ്യവസ്ഥ അചഞ്ചലവും, ഭയത്തിനും സ്വാധീനത്തിനും അതീതവുമത്രേ. സ്വന്തം പുത്രനായിരുന്നാൽ പോലും ശിക്ഷിക്കപ്പെടേണ്ടവരെ അദ്ദേഹം ശിക്ഷിക്കും. എങ്കിലും നിരപരാധികൾക്ക് അദ്ദേഹത്തിന്റെ സവിധത്തിൽ എന്നും സംരക്ഷയുണ്ടായിരിക്കും.

പൃഥുരാജൻ എല്ലാ അർത്ഥത്തിലും രാജൻ തന്നെ (രാജതേ: സന്തുഷ്ടനാക്കുന്നവൻ): സത്യത്തിന്റെ പാതയിൽനിന്ന് വ്യതിചലിക്കാതെ അദ്ദേഹം തന്റെ വാക്കുകൾ കൃത്യമായി പാലിക്കുന്നു. സകല ജനങ്ങളുടേയും പ്രത്യേകിച്ച് വൃദ്ധരുടേയും ദരിദ്രരുടേയും അഭിവൃദ്ധി ലാക്കാക്കി വർത്തിക്കുന്നു. അദ്ദേഹം പരമാത്മന്റെ ഒരു കിരണമായി മൂന്നുലോകത്തിന്റേയും നാഥനായി, ദൈവസാന്നിദ്ധ്യമായി കാണപ്പെടുന്നു. അദ്ദേഹം ഒരേയൊരു പരമാത്മസത്വമാണെങ്കിലും അജ്ഞാനികൾ വൈവിദ്ധ്യം കണ്ടെത്തുന്നു.

ഞങ്ങളുടെ പ്രഭുവായ പൃഥുരാജൻ ലോകം മുഴുവൻ കീഴടക്കിവാഴും. അദ്ദേഹത്തിന്റെ ആജ്ഞയിൽ ഭൂമിക്ക് സമ്പൂർണ്ണഫലഭൂയിഷ്ടത കൈവരും. പർവ്വതങ്ങൾ തകർത്ത് സമനിരപ്പാക്കാനും അദ്ദേഹത്തിന് കഴിയും. അങ്ങിനെ ഭൂമി സകലജനങ്ങൾക്കും വാസയോഗ്യമാക്കും. അദ്ദേഹത്തിന് പ്രതിപക്ഷമെന്നൊന്ന് ഉണ്ടാവുകയുമില്ല.